A

201, 202, 203

# സമഗ്രശിക്ഷ,കേരളം

## അർദ്ധവാർഷിക മൂല്യനിർണയം 2018-19

ക്ലാസ് : 2

## ഉദ്ഗ്രഥനം- പഠനനിലവാരം

പേര്: .............................................. സ്കൂൾ:..............................................

### ഭാഷ

| ക്രമ നമ്പർ | പ്രവർത്തന നമ്പർ | പ്രവർത്തനം | നിലവാര സൂചിക |
|---|---|---|---|
| 1 | 1 | വിവരണം എഴുതാം | |
| 2 | 4 | വരികൾ കൂട്ടിച്ചേർക്കാം | |
| 3 | 7 | സംഭാഷണം പൂർത്തിയാക്കാം | |
| 4 | 8 | കഥ പൂർത്തിയാക്കാം | |
| 5 | 14 | ഡയറി എഴുതാം | |

ഗ്രേഡ്

### ഗണിതം

| ക്രമ നമ്പർ | പ്രവർത്തന നമ്പർ | പ്രവർത്തനം | നിലവാര സൂചിക |
|---|---|---|---|
| 6 | 3 | സംഖ്യകൾ കണ്ടെത്തി ക്രമത്തിലാക്കൂ | |
| 7 | 5 | കലണ്ടർ പൂർത്തിയാക്കാം | |
| 8 | 9 | മാമ്പഴം എത്ര? | |
| 9 | 11 | ഔഷധസസ്യങ്ങൾ വാങ്ങാം | |
| 10 | 12 | ബാക്കി എത്ര? | |

ഗ്രേഡ്

### പരിസരപഠനം

| ക്രമ നമ്പർ | പ്രവർത്തന നമ്പർ | പ്രവർത്തനം | നിലവാര സൂചിക |
|---|---|---|---|
| 11 | 2 | ഇലകൾ എന്തിനൊക്കെ? | |
| 12 | 6 | കാട്ടിലെ കൂട്ടുകാർ | |
| 13 | 10 | സസ്യോദ്യാനം | |
| 14 | 13 | പരിസരശുചിത്വം | |

ഗ്രേഡ്

ക്ലാസ് ടീച്ചറുടെ ഒപ്പ് .............................. രക്ഷിതാവിന്റെ ഒപ്പ് : ..............................

A



# സമഗ്ര ശിക്ഷ,കേരളം

## അർദ്ധവാർഷിക മൂല്യനിർണയം 2018-19

ക്ലാസ് : 2 ഉദ്ഗ്രഥനം - ഒന്നാം ദിവസം സമയം : 2 മണിക്കൂർ

പേര്: .................................................. സ്കൂൾ:..................................................

**പ്രവർത്തനം.1** **വിവരണം എഴുതാം** നിലവാരസൂചിക

വാഴേ വാഴേ ചങ്ങാതീ
വാ വാ ഞങ്ങടെ ചങ്ങാതീ
ഞങ്ങൾക്കുണ്ണാൻ തൂശനില
ദോശ തിന്നാൻ കീറ്റനില
ചക്കരപൊതിയാൻ കരിയിലയും
തരുന്ന നല്ലൊരു ചങ്ങാതി.
വെറ്റില പൊതിയാൻ മുത്തശ്ശിക്ക്
വാഴപ്പോള കൊടുക്കും നീ
കറിവെക്കാനായ് വാഴക്കായും
വാഴപ്പിണ്ടീം തന്നീടും
വാഴത്തേനും വാഴപ്പഴവും
തരുന്ന നല്ലൊരു ചങ്ങാതി.



വാഴയെക്കുറിച്ച് ഇനിയും ഒരുപാടു കാര്യങ്ങൾ പറയാനുണ്ടാകും.
വാഴയെക്കുറിച്ച് ഒരു ലഘുവിവരണം എഴുതൂ.
(ചുരുങ്ങിയത് അഞ്ച് വാക്യങ്ങൾ)

പ്രവർത്തനം.2

## ഇലകൾ എന്തിനൊക്കെ?

നിലവാരസൂചിക

അനാമിക ശേഖരിച്ച ഇലകൾ നോക്കൂ.

ചീരയില, തുളസിയില, മുരിങ്ങയില, വാഴയില, തെങ്ങോല, തുമ്പയില, പ്ലാവില, കറ്റാർവാഴയില, തകരയില, പനയോല, കുമ്പളമില, കുറുന്തോട്ടിയില

തുളസി

ആഹാരത്തിന്

ഇതിൽ നിന്നും ഞാൻ കണ്ടെത്തിയത്.

**പ്രവർത്തനം.3 സംഖ്യകൾ കണ്ടെത്തി ക്രമത്തിലാക്കൂ**

നിലവാരസൂചിക

സംഖ്യാകാർഡുകൾ ഉപയോഗിച്ച് മൂന്നക്കസംഖ്യകൾ രൂപീകരിക്കൂ.

| പേര് | സംഖ്യാകാർഡുകൾ | സംഖ്യ |
|---|---|---|
| അനാമിക | 100 30 5 | 135 |
| ശ്രീഹരി | 300 40 8 | |
| ദിയ | 400 20 | |
| മേരി | 100 3 | |
| സുഹൈൽ | 200 60 2 | |

സംഖ്യകളെ ചെറുതിൽ നിന്ന് വലുതിലേക്ക് ക്രമീകരിക്കൂ.

| | | | | |
|---|---|---|---|---|
| | | | | |

സംഖ്യാകാർഡുകൾ പ്രത്യേക ക്രമത്തിലാണ് വച്ചിരിക്കുന്നത്. തുടർന്നുള്ളവ ക്രമീകരിക്കൂ.

| | | | | |
|---|---|---|---|---|
| 100 | 200 | 300 | | |
| 103 | | 107 | 109 | |

സ്വന്തമായി ഒരു പാറ്റേൺ തയാറാക്കൂ.

നിലവാരസൂചിക

പ്രവർത്തനം.4 വരികൾ കൂട്ടിച്ചേർക്കാം

കുഞ്ഞനണ്ണാന്റെ പിറന്നാളാഘോഷത്തിനെത്തിയ കൂട്ടുകാരുടെ ചിത്രം നോക്കൂ.
അവൻ ഓരോരുത്തരെയും പാട്ടുപാടി സ്വീകരിച്ചു.
ബാക്കി വരികൾ കൂട്ടിച്ചേർക്കൂ.

പുള്ളിച്ചിറകുള്ള പൂമ്പാറ്റ
വർണച്ചിറകുള്ള പൂമ്പാറ്റ
പൂന്തേനുണ്ണാൻ വന്നാട്ടേ
പാറിപറന്നു വന്നാട്ടേ.

................................................................................

................................................................................

................................................................................

................................................................................



നിലവാരസൂചിക

## പ്രവർത്തനം.5 കലണ്ടർ പൂർത്തിയാക്കാം




ശ്രീഹരിയുടെ പിറന്നാൾ ഡിസംബർ 11 -ാം തീയതിയാണ്. പിറന്നാൾ ഏതു ദിവസമാണ്?

ഡിസംബർ മാസത്തിലെ ഞായറാഴ്ചകൾ ഏതൊക്കെ തീയതികളിലാണ്?

2019 ജനുവരി 1 പുതുവർഷദിനം ഏതു ദിവസമായിരിക്കും?

ആദ്യത്തെ ആറു മാസങ്ങളുടെ പേരെഴുതു.